**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3223** — **04-08-2021 - ൽ മറുപടിയ്ക്ക്**

**സി.എച്ച്.സി കളായി പ്രവർത്തിക്കുന്ന എക്സ്റ്റൻഷൻ സെന്ററുകളുടെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ കോളേജുകളുടെ അധീനതയിലുള്ള സി.എച്ച്.സി.കളായി പ്രവർത്തിക്കുന്ന എക്സ്റ്റൻഷൻ സെന്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ടോ; | (എ) | മിക്ക എക്സ്റ്റൻഷൻ കേന്ദ്രങ്ങളും അതാത് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാരുടെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ അധീനതയിലുള്ള തോളൂർ സാമൂഹിക ആരോഗ്യ കേന്ദ്രം പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. |
| (ബി) | ഇത്തരം സ്ഥാപനങ്ങളിലെ എച്ച്.എം.സി. ചെയർമാൻ പദവി ആരാണ് വഹിക്കുന്നത്; | (ബി) | ഇത്തരം സ്ഥാപനങ്ങളിലെ എച്ച്.എം.സി. ചെയർമാൻ പദവി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റുമാരാണ് വഹിക്കുന്നത്. |
| (സി) | ഈ സ്ഥാപനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാത്തത് മൂലം പണം ചെലവഴിക്കുന്നത് സംബന്ധിച്ച ഓഡിറ്റ് ഒബ്ജക്ഷൻ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം സ്ഥാപനങ്ങളിൽ വികസന പ്രവർത്തനങ്ങൾക്ക് തുക വിനിയോഗിക്കുന്നതിലുള്ള ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | ഇക്കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ